"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കായിക യുവജന കാര്യാലയത്തിലെ ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചാർജ് സീനിയർ സൂപ്രണ്ടിൽ നിന്നും മാറ്റി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ) നം. 6158/2021/ധന.** **തീയതി, തിരുവനന്തപുരം, 18.09.2021**

---

പരാമർശം :- 1. സ.ഉ (കൈ) നമ്പർ 01/2021/കാ.യു.വ തീയതി 12.02.2021.
2. സ.ഉ (സാധാ) നമ്പർ 1637/2021/പൊ.ഭ.വ തീയതി 21.04.2021.
3. കായിക യുവജന കാര്യാലയം ഡയറക്ടറുടെ 06.08.2021 തീയതിയിലെ A4/2985/21/DSYA നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 3 ലെ കത്ത് പ്രകാരം കായിക യുവജന കാര്യാലയത്തിന് ജില്ലാ ഓഫീസുകൾ ഇല്ലാത്തതിനാൽ എല്ലാ ജില്ലകളിലെയും സ്പോർട്സുമായി ബന്ധപ്പെട്ട ഫയലുകളുടെ മേൽനോട്ടം കാര്യാലയമാണ് നിർവ്വഹിക്കുന്നത് എന്നും, ഈ ഫയലുകളുടെ മേൽനോട്ടത്തിന് പുറമെയാണ് ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചാർജ് കൂടി സീനിയർ സൂപ്രണ്ട് നിർവ്വഹിച്ചിരുന്നത് എന്നും, പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം കാര്യാലയത്തിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികകൾ അനുവദിച്ച് കിട്ടിയ സാഹചര്യത്തിൽ ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചാർജ് സീനിയർ സൂപ്രണ്ടിൽ നിന്നും മാറ്റി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് അനുവദിച്ച് നൽകണമെന്ന് കായിക യുവജന കാര്യാലയം ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കായിക യുവജന കാര്യാലയത്തിലെ ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചാർജ് സീനിയർ സൂപ്രണ്ടിൽ നിന്നും മാറ്റി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
കായിക യുവജന കാര്യാലയം ഡയറക്ടർ, കായിക യുവജന കാര്യാലയം, വെള്ളയമ്പലം, തിരുവനന്തപുരം.
UO (F) No. SYA-A3/117/2021-SYA Computer No. 1780005
ധനകാര്യ (ഡവലപ്മെന്റ്) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-ഫയൽ 1784740)

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ